# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *35 — 10-03-2015-ൽ മറുപടിക്ക്

## പുതുവൈപ്പ് എൽ.എൻ.ജി.ടെർമിനൽ

**ചോദ്യം**

ശ്രീ. പി.ടി.എ.റഹീം
ശ്രീ. എസ്.ശർമ്മ
ശ്രീ. ആർ.രാജേഷ്
ശ്രീ. പുരുഷൻ കടലുണ്ടി

(എ) പുതുവൈപ്പ് എൽ.എൻ.ജി. ടെർമിനൽ നിർമ്മാണഘട്ടത്തിൽ ഉദ്ദേശിച്ച തരത്തിൽ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ?

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) & (ബി) സാധിക്കുന്നില്ല.

പുതുവൈപ്പിലെ എൽ.എൻ.ജി. പ്ലാന്റിൽ നിന്നും പ്രകൃതിവാതകം കൂറ്റനാട് വഴി മംഗലാപുരത്തേക്കും ബാംഗ്ലൂരിലേക്കും കൊണ്ടുപോകുവാനായി ഗെയിൽ (ഇന്ത്യാ) ലിമിറ്റഡ് നടപ്പാക്കുന്ന ഗ്യാസ് പൈപ്പ്ലൈൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്തതാണ് ഇതിന് കാരണം.

കൊച്ചി- മംഗലാപുരം - മാംഗ്ലൂർ - ബാംഗ്ലൂർ (KKMBPL) പൈപ്പ്ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട പൈപ്പിടൽ നടപടികൾ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. എറണാകുളം ജില്ലയിൽ മാത്രമാണ് പൈപ്പിടൽ നടപടികൾ ഏറെക്കുറെ പൂർത്തിയായിട്ടുള്ളത്. മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ പൈപ്പിടൽ നടപടി ഏതാണ്ട് പൂർണ്ണമായും നിർത്തിവച്ച നിലയിലാണ്. തങ്ങളുടെ വാസസ്ഥലങ്ങൾക്ക് സമീപത്ത് കൂടിയും കൃഷിയിടങ്ങളിലൂടെയും ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിൽ ജനങ്ങൾക്കുള്ള ആശങ്കയും

ഇതിനെ തുടർന്നുള്ള അതിശക്തമായ ജനകീയ പ്രക്ഷോഭങ്ങളുമാണ് പദ്ധതി തടസ്സപ്പെടുവാനുള്ള പ്രധാന കാരണം. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി ഭൂമിയുടെ വിനിയോഗാവകാശം (RoU) മാത്രമേ ഗെയിൽ (ഇന്ത്യാ) ലിമിറ്റഡിന് നൽകുന്നുള്ളൂ. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരതുക സംബന്ധിച്ച തർക്കവും ചിലയിടങ്ങളിൽ പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി തങ്ങളുടെ ഭൂമി വിട്ടുകൊടുക്കുവാൻ ജനങ്ങൾ തയ്യാറാവാത്ത സ്ഥിതി, പദ്ധതിയുടെ പുരോഗതിയെ ആശങ്കയിലാഴ്ത്തുന്നുണ്ട്.

(സി) എൽ.എൻ.ജി. ടെർമിനൽ കൊണ്ട് സംസ്ഥാനത്തിന് ലഭ്യമാകേണ്ടത് പ്രയോജനപ്പെടുത്താൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധ്യമായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ?

(സി) എൽ.എൻ.ജി. ടെർമിനലിന്റെ പൂർണ്ണമായ പ്രയോജനം സംസ്ഥാനത്തിന് ലഭ്യമാക്കുവാൻ, ഗെയിലിന്റെ വാതകപൈപ്പ് ലൈൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. ഈ പദ്ധതി കർമ്മപഥത്തിലെത്തിക്കുവാൻ സർക്കാരിന്റെ ഭാഗത്ത് നിന്നും ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങളുടെ മനസ്സിൽ ഉടലെടുത്തിട്ടുള്ള ആശങ്കയാണ് പദ്ധതിയുടെ പുരോഗതിക്ക് തടസ്സമാകുന്നത് എന്ന കാര്യം ബോധ്യപ്പെട്ടതിനെ തുടർന്ന്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഗെയിൽ, പെട്രോനെറ്റ് എൽ.എൻ.ജി. എന്നിവയിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ, പദ്ധതി

പ്രദേശത്തെ ജനപ്രതിനിധികളുടെ ഒരു യോഗം ചേർന്നു. ഈ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെ സംബന്ധിച്ച് വിശദീകരണം നൽകിയതോടൊപ്പം ജനങ്ങളുടെ ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന്, അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യാൻ ഈ യോഗത്തിലൂടെ സാധിച്ചിട്ടുണ്ട് എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. പദ്ധതി പ്രദേശത്തെ ഭൂമി യഥാസമയം ഏറ്റെടുത്ത് നൽകാൻ കഴിയാത്തത് പദ്ധതിക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ പ്രധാന തടസ്സമായി നിൽക്കുന്നുണ്ട്. പദ്ധതിയുടെ സുഗമമായ പൂർത്തീകരണത്തിന് വേണ്ടി ഗെയിലിന് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുവാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും, ഗെയിൽ, പെട്രോനെറ്റ്, സംസ്ഥാന ആസൂത്രണ ബോർഡ്, എന്നിവയിലെ ഓരോ പ്രതിനിധികൾ, പൈപ്പ്ലെൻ കടന്നു പോകുന്ന ജില്ലകളിലെ കളക്ടർമാർ എന്നിവർ അംഗങ്ങളുമായുള്ള, ഒരു ഉന്നതാധികാര സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ സമയോചിതമായ ഇടപെടലുകളിലൂടെ പദ്ധതി കഴിയുന്നതും വേഗം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ